**വഞ്ചിക്കടവ്**

പണ്ടുകാലത്തെ പ്രധാനപ്പെട്ട ഒരു കടവ് ആയിരുന്നു വഞ്ചിക്കടവ്. കൊക്കാല വഞ്ചിക്കടവ് എന്നും പറയും. കോർപ്പറേഷനിലെ 38-ാം ഡിവിഷനിൽ ഇത് ഉൾപ്പെടുന്നു. ധാരാളം വഞ്ചികൾ ചരക്കുകളുമായി എത്തിയിരുന്നു. കോട്ടയം, കൊല്ലം, കൊച്ചി, ചാവക്കാട്, കോട്ടപ്പുറം, കണ്ടശ്ശാംകടവ് എന്നിവിടങ്ങളിൽ നിന്നും ചരക്കുകൾ വന്നിരുന്നു. പ്രധാനമായും വന്നിരുന്ന ചരക്കുകൾ ഇത്തിൾ, മണൽ എന്നിവയായിരുന്നു. ഇവിടെനിന്നും കയറ്റിക്കൊണ്ടുപോയിരുന്നത് പല ചരക്കുകളും, പച്ചക്കറികളും, ചക്ക, മാങ്ങ എന്നിവയായിരുന്നു. ഇന്ന് ലോറികൾ പേട്ടയിൽ കിടക്കുന്നതുപോലെയാണ് ആദ്യകാലത്ത് കാളവണ്ടികൾ കിടന്നിരുന്നത്. വഞ്ചികളിൽവരുന്ന ചരക്കുകൾ മുഴുവനും കാളവണ്ടികളിലാണ് വിവിധസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുക. തൃപ്രയാർപാലം, ഏനമാവ് പാലം, കണ്ടശ്ശാംകടവ് പാലം, മൂപ്ളിയം പാലം എന്നിവയുടെ വരവോടുകൂടി ഈ സ്ഥിതി ഇല്ലാതായി. ഇവിടെ കൂട്ടുകെട്ടിയ വഞ്ചികളും വന്നിരുന്നു.

**അരണാട്ടുകര കടവ്**

മത്സ്യം മാത്രമായിരുന്നു ഇവിടെ വന്നിരുന്നത്. ഒരു വഞ്ചിക്ക് 50 പൈസവീതം മുൻസിപ്പാലിറ്റിയിൽ കൊടുക്കണമായിരുന്നു. ഇവിടെനിന്ന് കശുവണ്ടി ധാരാളം കയറ്റി അയച്ചിരുന്നു. യൂണിയൻ സംവിധാനം വരുന്നതിനുമുമ്പ് മൂപ്പന്മാരായിരുന്നു ചരക്കുകൾ ഇറക്കുകയും കയറ്റുകയും ചെയ്തിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷം ദിവാൻ ഷൺമുഖൻ ചെട്ടിയാണ് ഈ സ്ഥലം ഉണ്ടാക്കിയത്. ഷൺമുഖകനാൽ(പുത്തൻചാല്) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. നായ്ക്കന്മാരാണ് ഈ കനാൽ പണിതീർത്തത്. ഇവിടം കോൾപ്പാടം ആയിരുന്നു.

അന്നുകാലത്ത് ജയ്ഹിന്ദ് മാർക്കമിലേക്കാണ് സാധനങ്ങൾകാണ്ടു പോയിരുന്നത്. കൂട്ടമായി വരുന്ന വഞ്ചികൾ ആറേഴുദിവസം കഴിഞ്ഞേ ഇവിടെ എത്തിച്ചേരുകയുള്ളൂ. അതിനാൽ വഞ്ചികളിൽതന്നെയാണ് ഭക്ഷണം പാകംചെയ്യുന്നതും കഴിക്കുന്നതും. വഞ്ചികൾ കൂടുതലാകുമ്പോൾ ഈ കടവിൽ സ്ഥലമില്ലാതെ അരണാട്ടുകര കടവാരത്തിൽ ഇടാറുണ്ട്. മൂപ്പന്മാർ കരാറെടുത്ത് ആളുകളെക്കൊണ്ട് ചരക്കുകൾ ഇറക്കുന്നു. അതിനുശേഷം യൂണിയൻ നിലവിൽവന്നു. അന്നത്തെ യൂണിയൻ നേതാവ് ആയിരുന്നു കൈപ്പുള്ളി കൊച്ചാപ്പൻ. പൂത്തോളും, കൊക്കാലയും കൂടിയതാണ് വഞ്ചിക്കടവ് (വഞ്ചിക്കുളം).

1956-57 കാലഘട്ടത്തിലാണ് തൃപ്രയാർ പാലം പണികഴിപ്പിച്ചത്.

വഞ്ചിക്കുളം ഇന്ന് ഉപയോഗശൂന്യമായി പുല്ലും ചണ്ടിയും നിറഞ്ഞ് കിടക്കുകയാണ്. ഇതിന്റെ അടുത്ത് റെയിൽവേയുടെ ഗുഡ്സ് ഗോഡൗണും കെ.എസ്.ആർ.ടി.സി. ഓഫീസും സ്ഥിതിചെയ്യുന്നു. കണ്ടശ്ശാംകടവ് പുഴയും ഈ വഞ്ചിക്കടവുമായി

ബന്ധമുണ്ട്. പുഴമാർഗ്ഗം വന്ന് വട്ടക്കരകൂടിയാണ് ഈ വഞ്ചിക്കുളത്തിന്റെ മാർഗ്ഗം. കെട്ടുവള്ളങ്ങളായിരുന്നു അധികവും ഈ മാർഗ്ഗത്തിലൂടെ പോയിരുന്നത്.

ഈ വഞ്ചിക്കടവ് ഉണ്ടാക്കിയത് ആരാണെന്നൊ എത്രവർഷങ്ങൾക്ക് മുൻപാണെന്നൊ കൃത്യമായി അറിയില്ല. എങ്കിലും ഏകദേശം 100 വർഷങ്ങൾക്ക് മുൻപായിരിക്കണം ഇതുണ്ടാക്കിയിരിക്കാൻ സാധ്യത എന്ന് കരുതുന്നു.

വഞ്ചിക്കടവിൽ ധാരാളം കാളവണ്ടികൾ ഉണ്ടായിരുന്നതിനാൽ കാളവണ്ടിനിർമ്മിച്ചും കാളകൾക്ക് ലാടമടിച്ചും ഒരുപാടുപേർ ഇവിടെ ജീവിച്ചിരുന്നു.

കൊച്ചിമഹാരാജാവ് വഞ്ചിയിൽ വന്നിറങ്ങിയിരുന്നത് ഈ കടവിലായിരുന്നു. അരണാട്ടുകര തരകന്മാരുടെ മാളികയിലാണ് അദ്ദേഹം താമസിക്കാറുണ്ടായിരുന്നത്. പാലങ്ങളുടെ വരവോടുകൂടി ജലഗതാഗതം ഇല്ലാതായി. ഇന്ന് ഈ വഞ്ചിക്കുളം പുല്ലും ചളിയും ചണ്ടിയും നിറഞ്ഞ് ഉപയോഗശൂന്യമായി ഒരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണ്. ഇത് നന്നാക്കിയെടുത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുവാനുള്ള ബോട്ടുസർവ്വീസ് നടത്തേണ്ടതുണ്ട്. വിനോദസഞ്ചാരികളെ ഇത്തരത്തിൽ ആകർഷിക്കുന്നതുമൂലം നല്ലൊരുവരുമാനം കോർപ്പറേഷന് ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും.

കായൽമത്സ്യത്തിന് പേരുകേട്ട സ്ഥലമായിരുന്നു അരണാട്ടുകര കടവാരം

അരണാട്ടുകര കോൾ, കൊക്കാല, വഞ്ചിക്കുളം, പൂത്തോൾ പാടശേഖരം എന്നിവ ഇവിടത്തെ ജലസംഭരണികളായിരുന്നു. 1956-ൽ പീച്ചികനാലിൽനിന്ന് വെള്ളം വന്നിരുന്നു.

കൊച്ചിയിൽനിന്നും മലബാറിൽനിന്നും പുഴയും കായലും വഴി തൃശ്ശൂരിൽ എത്താമായിരുന്നു.വഞ്ചി അടുക്കുവാനും കെട്ടിയിടുവാനും വഞ്ചിക്കടവ് ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഈ പ്രദേശത്താണ് റെയിൽവേ സ്റ്റേഷൻ.

നമ്പൂതിരി ഗ്രാമമായിരുന്ന തൃശ്ശൂരിന്റെ അന്തർ തുറമുഖമായിരുന്നു അരണാട്ടുകര വഞ്ചിക്കടവ്. 1924-ൽ ചേറ്റുപുഴ പാലവും പെരുമ്പുഴ പാലവും നിർമ്മാണം പൂർത്തിയാക്കുന്നതിനുമുമ്പ് ഏനമാവ് മണലൂർ ഭാഗത്തുള്ള ജനങ്ങൾ വഞ്ചിമാർഗ്ഗമാണ് പുല്ലഴിക്കടവിലും ഒല്ലൂർക്കടവിലും എത്തിയിരുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പൂജാദികർമ്മങ്ങളുടെ നിർവ്വഹണത്തിന് തൃശ്ശൂരിലെ നമ്പൂതിരിമാർ അരണാട്ടുകരയിലെ വഞ്ചിക്കടവ് വഴിയാണ് യാത്ര ചെയ്തിരുന്നത്.